താൽക്കാലികക്കാരെ 3 മാസത്തിൽ കൂടുതൽ നിയമിക്കുവാൻ പാടില്ല എന്നുമാണ്. ടി നിർദ്ദേശം സെലക്ഷൻ ലിസ്റ്റ് നിലവിലുള്ള കാലയളവിൽ ടി ലിസ്റ്റിൽനിന്നും താൽക്കാലിക നിയമനം നൽകുകയും ഒഴിവില്ലാത്തതുമൂലം പിരിച്ചുവിടപ്പെടുകയും ചെയ്തിട്ടുള്ള വർക്കർമാർക്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം സ്ഥിരനിയമനം നൽകുവാൻ നിലവിൽ നിർദ്ദേശങ്ങൾ ഇല്ല. തൻമൂലം 26-3-2005-ലെ കത്തിന്റെ ആനുകൂല്യം ടി വിഭാഗക്കാർക്ക് ലഭ്യമാക്കാനാവില്ല.

(സി) സർക്കാർ നിർദ്ദേശം മറികടന്ന് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ

150 [1329] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ സർക്കാർ ഇതര സംഘടനകൾ വഴി നടത്തുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ പദ്ധതികൾ എൻ.ജി.ഒ.വഴി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ

151 [1330] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ജില്ലാ ആഫീസുകളുടെ കീഴിൽവരുന്ന വിവിധ ആഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly